വർക്ക് ഷോപ്പുകൾ ഉണ്ട്. ഈ ആവശ്യങ്ങൾ അനുഭാവപൂർവ്വമായി പരിഗണിക്കാം എന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഒരു ക്ഷേമനിധി അവർക്കുവേണ്ടി പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റിന് നേട്ടമേയുണ്ടാകുകയുള്ളൂ. അതുകൊണ്ട് അനുകൂലമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ജോലി ചെയ്യുന്ന തൊഴിലാളികളെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മെമ്പർ പറയുന്നത് മുപ്പത്തി അയ്യായിരത്തോളം വർക്ക് ഷോപ്പുകളിൽ അഞ്ചര ലക്ഷത്തോളം തൊഴിലാളികൾ ഉണ്ടെന്നാണ്. ഈ വിഭാഗം തൊഴിലാളികൾ വളരെ കഠിനാധ്വാനം ചെയ്യുന്നവരാണ്. എല്ലാ നിലയിലുള്ള അനുകമ്പയും അവർ അർഹിക്കുന്നുണ്ട്. അതുകൊണ്ട് ഈ തൊഴിലാളികൾക്കുവേണ്ടി പ്രത്യേകമായ ഒരു ക്ഷേമനിധി പദ്ധതിതന്നെ ഉണ്ടാക്കുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(10) ഫോർട്ട്കൊച്ചി കടപ്പുറത്ത് മറൈൻ പാർക്കും ഡോൾഫിനേറിയവും നിർമ്മിക്കാനുള്ള നിർദ്ദേശം

ശ്രീ. എം. ജെ. സക്കറിയ: സർ. 2.61 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഫോർട്ട്കൊച്ചി നിരവധി സംസ്കാരങ്ങളുടെ ഈറ്റില്ലമാണ്. പോർച്ചുഗീസുകാരും, ബ്രിട്ടീഷുകാരും, ഡച്ചുകാരും പല സന്ദർഭങ്ങളിൽ ഇവിടെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ടൂറിസ്റ്റ് ഭൂപടത്തിൽ ഒരു പ്രമുഖ സ്ഥാനം ഫോർട്ട്കൊച്ചിക്ക് ഉണ്ട്. അതിനനുസൃതമായ വികസനം അവിടെ ഉണ്ടായിട്ടില്ല. ഇത് മദ്രാസ് പ്രവിശ്യയുടെ ഒരു ഭാഗമായിരുന്നു. 1956-ലെ സംസ്ഥാന പുനഃസംഘടനയെത്തുടർന്നാണ് ഫോർട്ട്കൊച്ചി കേരളത്തിന്റെ ഭാഗമായത്. ഇത് കൊച്ചി താലൂക്കിന്റെ ആസ്ഥാനം കൂടിയാണ്. വിശ്വപ്രസിദ്ധമായ ചീന വല, മട്ടാഞ്ചേരി കൊട്ടാരം, യഹൂദ ദേവാലയം, ഡച്ച് സെമിത്തേരി, വാസ്കോഡിഗാമയുടെ പള്ളി, കൊച്ചി രൂപതയുടെ ആസ്ഥാനം, പുരാതനമായ മുസ്ലീംപള്ളി കൂടാതെ യൂറോപ്യൻ മാതൃകയിലുള്ള തെരുവുകൾ, റോഡിന്റെ ഇരുവശത്തുമുള്ള ഇരുനില മാളികകൾ എന്നിവയും വിദേശിയരെ ആകർഷിക്കുന്ന ഘടകങ്ങളാണ്. യൂറോപ്പിലെ ഏത് നഗരത്തോടും കിടപിടിക്കുന്ന ഒരു ഭംഗി ഫോർട്ട്കൊച്ചിയ്ക്കുണ്ട്. ഇപ്പോഴത്തെ പോർച്ചുഗീസ് നാമങ്ങളാണ് ആ തെരുവുകൾക്ക് നൽകിയിട്ടുള്ളത്. പ്രിൻസസ് സ്ട്രീറ്റ്, പീറ്റർ ഷെല്ലി സ്ട്രീറ്റ്, നേപ്പർ സ്ട്രീറ്റ്, ബാസ്റ്റിൻ സ്ട്രീറ്റ് കൂടാതെ ടവർ റോഡ്, റിഡ്സ് ഡെയിൽ റോഡ്, ബില്ലാഡ് റോഡ് ഇങ്ങനെ പലതുമുണ്ട്. ഡച്ച്, പോർച്ചുഗൽ, യഹൂദ, ഇസ്ലാം, ബ്രിട്ടീഷ്, ബുദ്ധ ജൈന സംസ്കാരങ്ങളുടെ സംഗമ ഭൂമി കൂടിയാണിത്. 1990-ൽ അന്നത്തെ മന്ത്രി ശ്രീ. ശ്രീനിവാസൻ അവിടെ വന്ന് ഒരു മറൈൻ പാർക്കും ഒരു ഡോൾഫിനേറിയും സ്ഥാപിക്കാമെന്ന് പറഞ്ഞ് പോയതല്ലാതെ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. ബഡ്ജറ്റിൽപ്പോലും ഇതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള തുക വക കൊള്ളിച്ചിട്ടില്ല, അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഫോർട്ട്കൊച്ചിയുടെ ഈ പ്രവർത്തന പ്രാധാന്യവും, അതിന്റെ ടൂറിസ്റ്റ് ആകർഷകത്വവും പരിഗണിച്ച് ഒരു നിർദ്ദേശം ഗവൺമെന്റിൽ വയ്ക്കണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഫോർട്ട്കൊച്ചി വളരെയധികം ചരിത്ര പ്രാധാന്യമുള്ളതാണ്. ഏറ്റവുമധികം വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു പ്രദേശമാണ്. എന്നാൽ അവിടെ വേണ്ടത്ര അക്കോമഡേഷനോ, മറ്റ് സൗകര്യങ്ങളോ ഇല്ല. ഇനിയും ധാരാളം ഡെവലപ്പ് ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഫോർട്ട്കൊച്ചി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ വേണ്ട ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് തയ്യാറാണെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച മറൈൻ പാർക്കിന് വേണ്ടി 1987-ൽത്തന്നെ തീരുമാനമെടുത്തു. അവിടെ ഒരേക്കർ തൊണ്ണൂറ്റിമൂന്ന് സെന്റ് സ്ഥലം എടുക്കുകയും ചെയ്തു. ഇതാദ്യം കൊച്ചിൻ കോർപ്പറേഷനെയും, പിന്നീട് ഡി. ടി. പി. സി.-യേയും ഏൽപ്പിച്ചു. പക്ഷെ അതിന്റെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഡി. ടി. പി. സി.-യ്ക്ക് വേണ്ടി മൊത്തത്തിൽ ഒരു സംഖ്യ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആ സംഖ്യ ഉപയോഗിച്ച് ഒരു മറൈൻ പാർക്ക് നിർമ്മിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(11) ആദിവാസി വൃദ്ധർക്ക് അഭയ കേന്ദ്രം അനുവദിക്കണമെന്ന ആവശ്യം

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, കേരളത്തിലെ ആദിവാസികളിൽ ഏകദേശം പകുതിയോളം താമസിക്കുന്ന ജില്ലയാണ് വയനാട് ജില്ല. കേരള നിയമസഭയിൽ 10-24 വർഷക്കാലം ആദിവാസികളുടെ പ്രതിനിധിയായിരുന്ന പ്രേതനായ ശ്രീ. രാഘവൻ മാസ്റ്റർ. ഈ വർഷാരംഭത്തിൽ ആദിവാസികളുടെ ഏറ്റവും വലിയ ആവശ്യമായ ഒരു Old Age Home-നെ കുറിച്ച് അദ്ദേഹം ചർച്ചാവേളയിൽ സംസാരിച്ചിരുന്നു. ആദിവാസികളും വളരെയേറെ നിർദ്ധനരും പട്ടിണിപ്പാവങ്ങളുമാണ്. ആയുഷ്കാലം മുഴുവനും കൂലിപ്പണി എടുത്തതിനുശേഷം പ്രായാധിക്യമെത്തുന്ന ആദിവാസികൾക്ക് ഇന്ന് ആരും ഇല്ലാതെ, താമസ സൗകര്യവുമില്ലാതെ കഷ്ടപ്പെടുന്ന ഒരവസ്ഥയാണ് വയനാട് ജില്ലയിലുള്ളത്. ഇവരെല്ലാം രോഗികളാണ്. യാതൊരു തരത്തിലുള്ള പോഷകാഹാരവും ലഭിക്കാതെയും കിടക്കാൻ ഇടമില്ലാതെയും കഷ്ടപ്പെടുന്ന പ്രായംചെന്ന വൃദ്ധരായ ആദിവാസികളെ താമസിപ്പിക്കുന്നതിനുവേണ്ടി വയനാട് ജില്ലയിൽ ഒരു Old Age Home സ്ഥാപിക്കണമെന്ന് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ശ്രീ. രാഘവൻ മാസ്റ്ററുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്ന ആ സ്ഥാപനത്തിന് അദ്ദേഹത്തിന്റെ പേരു നൽകി അനശ്വരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly